**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2116 11.03.2020-ലെ മറുപടിക്ക്

**കൊരട്ടി സെൻട്രൽ ഗവൺമെന്റ് പ്രസ്സിന്റെ സ്ഥലം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| കേന്ദ്രസർക്കാർ അടച്ചുപൂട്ടാൻ തീരുമാനിച്ച കൊരട്ടിയിലെ സെൻട്രൽ ഗവൺമെന്റ് പ്രസ്സ് തുടർന്നും പ്രവർത്തിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനും അനുയോജ്യമായ വ്യവസായ പദ്ധതികൾ അടക്കമുള്ള വികസന ആവശ്യങ്ങൾക്ക് വേണ്ടി പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | 1965-ൽ നിലവിൽ വന്ന കൊരട്ടി ഗവൺമെന്റ് പ്രസ്സിൽ ആദ്യ കാലത്ത് 400-റോളം തൊഴിലാളികൾ ഉണ്ടായിരുന്നു. 103 ഏക്കറോളം ഭൂമി ഉണ്ടായിരുന്നതായും ഇതിൽ നിന്ന് 30 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുകയും, ഒരു ഏക്കറോളം ഭൂമി നാഷണൽ ഹൈവേ അക്വയർ ചെയ്യുകയും ചെയ്തു. കൊരട്ടി ഗവൺമെന്റ് പ്രസ്സ് നാസ്സിക് പ്രസ്സുമായി കൂട്ടിചേർക്കുന്നതിന് തീരുമാനിക്കുകയും ഇതിനെതിരായി കൊരട്ടി പ്രസ്സിലെ 19 തൊഴിലാളികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും സ്റ്റേ ലഭിക്കുകയും ചെയ്തു. ഇപ്പോൾ കേസ് സുപ്രീകോടതിയുടെ പരിഗണനയിലുമാണ്. കൊരട്ടി പ്രസ്സിന്റെ കൈവശമുള്ള ഭൂമി സെൻട്രൽ പബ്ലിക്ക് വർക്ക്സ് ഡിപ്പോർട്ട്മെന്റിന്റെ മേൽ നോട്ടത്തിലാണ്. കേന്ദ്ര ഗവൺമെന്ററിൽ നിന്നും ഈ ഭൂമി കൈമാറി ലഭിക്കുകയാണെങ്കിൽ വ്യവസായ വികസനത്തിനായി ഉപയോഗിക്കാവുന്നതാണ്.<br>പ്രസ്സിന്റെ ഉപയോഗത്തിൽ ഇല്ലാത്ത 15 ഏക്കർ ഭൂമി വ്യാവസായിക ആവശ്യത്തിനായി നിശ്ചിത വിലയ്ക്ക് വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര പാർപ്പിട-നഗരകാര്യ മന്ത്രാലയത്തിന് കത്തയച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**